ഹരിത വിദ്യാലയം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
www.kite.kerala.gov.in

നം. KITE/2017/HV/1549 (1) തീയതി: 23.09.2017

## 'ഹരിത വിദ്യാലയം രണ്ടാം ഭാഗം' വിദ്യാഭ്യാസ റിയാലിറ്റി ഷോ സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മുന്നേറ്റത്തിനുതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായും അല്ലാതെയും കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്നുണ്ട്. സുസജ്ജമായ ഭൗതിക സാഹചര്യങ്ങൾ നിർമിക്കുന്നതിനോടൊപ്പംതന്നെ ആധുനികവും കാര്യക്ഷമവുമായ പഠനാന്തരീക്ഷവും ഇതിന്റെ ഭാഗമായി സ്കൂളുകളിൽ നിർമിക്കപ്പെടുന്നുണ്ട്. സവിശേഷമായ ആശയങ്ങളും അവയുടെ സസൂക്ഷ്മമായ ആസൂത്രണവും ബഹുമുഖമായ പങ്കാളിത്തവും സമർത്ഥമായ നടപ്പാക്കലും ഈ പ്രവർത്തനങ്ങളുടെ പുറകിലുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകാനും അവ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഇതര വിദ്യാലയങ്ങളിൽ പങ്കുവയ്ക്കപ്പെടാനുമുള്ള അവസരം എന്ന നിലയിൽ 'ഹരിതവിദ്യാലയം' എന്ന ഒരു വിദ്യാഭ്യാസ റിയാലിറ്റിഷോ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) (ഐടി@സ്കൂൾ), പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള മറ്റു സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നു. 2010-11 ൽ ഐ.ടി.@സ്കൂൾ വിക്ടേഴ്സ് ചാനലിലും ദൂരദർശനിലും സംപ്രേഷണം ചെയ്ത് വൻ വിജയമായ **'ഹരിത വിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ രണ്ടാം ഭാഗമാണിത്. ഐടി@സ്കൂൾ വിക്ടേഴ്സിലും ദൂരദർശനിലും 2017 നവംബർ മുതൽ 40 മിനിറ്റ് ദൈർഘ്യമുള്ള ഏകദേശം 100 എപ്പിസോഡുകളിലായി സംപ്രേക്ഷണം ചെയ്യുന്നു.** കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങൾക്കും ഈ പരിപാടിയിൽ പങ്കെടുക്കാനും സ്വന്തം മികവുകൾ അവതരിപ്പിക്കാനും അവസരം ലഭിക്കും.

**പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള പൊതു നിബന്ധനകൾ:**

1. എൽ.പി മുതൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വരെയുള്ള സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് ഇതിൽ പങ്കെടുക്കാം. ഒരു സ്കൂളിലെ എല്ലാ വിഭാഗങ്ങളെയും ചേർത്ത് ഒറ്റ യൂണിറ്റായിട്ടാണ് പരിഗണിക്കുന്നത്.

2. എല്ലാ ജില്ലകളിൽ നിന്നുമായി ഏകദേശം 150 സ്കൂളുകളെ ഒന്നാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്നതാണ്. സ്കൂളുകളെ സംസ്ഥാനതലത്തിൽ പൊതുവായാണ് പരിഗണിക്കുക. ജില്ലാ-സബ്ജില്ലാ പരിഗണനകൾ ഇതിൽ ഉണ്ടായിരിക്കുന്നതല്ല. ഈ സ്കൂളുകൾക്ക് തിരുവനന്തപുരത്ത് സ്റ്റുഡിയോയിൽവന്ന് അവതരണം നടത്താൻ

അവസരം നൽകുന്നതാണ്. അവതരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് സ്കൂൾ ഒന്നിന് പരമാവധി 15000 രൂപ നൽകുന്നതാണ്. സ്കൂളിലെ പ്രതിനിധികൾക്ക് തിരുവനന്തപുരത്ത് വരാനുള്ള യാത്രാക്കൂലി, താമസച്ചെലവ് തുടങ്ങിയവ ഈ തുകയിൽനിന്നാണ് കണ്ടെത്തേണ്ടത്. അവസാന റൗണ്ടിൽ മേൽപറഞ്ഞതിന്റെ ശരാശരി പത്ത് ശതമാനം സ്കൂളുകൾക്കാണ് അവസരം ലഭിക്കുന്നത്.

3. ഏറ്റവും മികച്ച സ്കൂളിന് 15 ലക്ഷവും, രണ്ടാം സ്ഥാനം നേടുന്ന സ്കൂളിന് 10 ലക്ഷവും, മൂന്നാം സ്ഥാനം നേടുന്ന സ്കൂളിന് 5 ലക്ഷവും സമ്മാനമായി നൽകുന്നതാണ്. അവസാന റൗണ്ടിലെത്തുന്ന മറ്റ് സ്കൂളുകൾക്ക് 1.5 ലക്ഷം വീതവും നൽകും.

4. **പ്രാഥമിക റൗണ്ടിലേക്ക് സ്കൂളുകൾ ഓൺലൈനായി അപേക്ഷിക്കണം.** (തപാൽ വഴി പൂരിപ്പിച്ച് അയക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല). ഓൺലൈൻ അപേക്ഷയോടൊപ്പം **സ്കൂൾ പ്രവർത്തനം സംബന്ധിച്ച 5 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ അല്ലെങ്കിൽ *Impress-ൽ പരമാവധി 20 സ്ലൈഡ് വരുന്ന ഒരു പ്രസന്റേഷൻ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.** പരിഗണിച്ച മേഖലകളിലെ മികവുകൾ വ്യക്തമാക്കുന്ന ചിത്രങ്ങൾ, പത്രവാർത്തകൾ, പഠനോല്പന്നങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിക്കണം.

5. വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡു ചെയ്ത അപേക്ഷാഫോറം **സ്കൂളിലെ ബന്ധപ്പെട്ട സമിതികളിൽ ചർച്ചചെയ്ത്** ആവശ്യമായ വിശദാംശങ്ങൾ ശേഖരിച്ച് പൂരിപ്പിച്ച ശേഷമായിരിക്കണം വെബ്സൈറ്റിൽ നൽകേണ്ടത്. ഇക്കാര്യം മിനിറ്റ്സായി രേഖപ്പെടുത്തേണ്ടതും പിന്നീട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

6. അപേക്ഷയിലും പ്രസന്റേഷനിലും നൽകുന്ന വിവരങ്ങൾ കൃത്യവും യാഥാർത്ഥ്യവുമാണെന്ന് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തണം. ഈ വിവരങ്ങൾ ഹരിതവിദ്യാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും വസ്തുതകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ അവസരം നൽകുന്നതുമാണ്. വിശദാംശങ്ങൾ ഉൾപ്പെടുന്ന ഒരു ഫയൽ തുടർപരിശോധന ലഭ്യമാക്കാൻ കഴിയുന്നവിധം പ്രഥമാധ്യാപകർ സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

7. തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിന് പരിപാടിയിൽ പങ്കെടുക്കുന്നതിന് അയോഗ്യത കല്പിക്കുന്നതാണ്.

8. പ്രാഥമിക റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്ന സ്കൂളുകളിൽ ഹരിത വിദ്യാലയം സംഘം സന്ദർശനം നടത്തി അവരുടെ പ്രവർത്തനങ്ങൾ വീഡിയോ ഡോക്യുമെന്റേഷൻ നടത്തുന്നതാണ്. അതിനുശേഷമായിരിക്കും ആ സ്കൂളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർതൃസമിതി എന്നിവയുടെ പ്രതിനിധികൾ തിരുവനന്തപുരത്ത് സ്റ്റുഡിയോയിൽ വരേണ്ടത്. സംഘാംഗങ്ങളുടെ എണ്ണമുൾപ്പെടെയുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

9. **അപേക്ഷാഫോറം ഡൗൺലോഡു ചെയ്ത് പൂരിപ്പിച്ചശേഷം 2017 ഒക്ടോബർ 5 മുതൽ ഒക്ടോബർ 16 വരെയുള്ള തീയതികൾക്കിടയിൽ ഓൺലൈനായി അപേക്ഷ നൽകണം.** സ്കൂളിന്റെ ലോഗിൻ ഐഡി ഉപയോഗിച്ച് അവസാന

തീയതിക്ക് മുമ്പ് എപ്പോൾ വേണമെങ്കിലും വിവരങ്ങൾ എഡിറ്റ് ചെയ്യാം. ഈ മാറ്റം സ്കൂളിൽ സൂക്ഷിക്കുന്ന പൂരിപ്പിച്ച അപേക്ഷാഫോമിലും വരുത്തേണ്ടതാണ്.

10. ഹരിത വിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോയുടെ നടപടിക്രമങ്ങളെ സംബന്ധിച്ച് ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. പൊതുവിദ്യാഭ്യാസ സെക്രട്ടറി അധ്യക്ഷയും പൊതുവിദ്യാഭ്യാസ വകുപ്പിലെ സംസ്ഥാനതലത്തിലുള്ള വിവിധ ഡയറക്ടർമാർ അംഗങ്ങളുമായ സമിതിയാണ് ഹരിതവിദ്യാലയം പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്.

11. ആവശ്യമെങ്കിൽ പ്രോഗ്രാമിൽ പങ്കെടുക്കുന്ന സ്കൂളുകളുടെ എണ്ണത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, തെരഞ്ഞെടുക്കൽ രീതി, പരാതി-പരിഹാര സംവിധാനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രത്യേക സമിതി തീരുമാനിക്കുന്നതും യഥാസമയം പരസ്യപ്പെടുത്തുന്നതുമായിരിക്കും.

12. 2010-11 ലെ ഹരിതവിദ്യാലയം പ്രോഗ്രാമിന്റെ ചില എപ്പിസോഡുകൾ https://www.youtube.com/harithavidyalayam1 എന്ന സൈറ്റിൽ നിന്നും കാണാവുന്നതാണ്.

13. പരിപാടിയെക്കുറിച്ചറിയാനുള്ള അതത് സമയങ്ങളിലെ അറിയിപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ www.kite.kerala.gov.in എന്ന വെബ്സൈറ്റിൽ തുടർച്ചയായി ലഭ്യമാക്കുന്നതാണ്. ഹരിത വിദ്യാലയം റിയാലിറ്റി ഷോയുടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ്, ഹെൽപ്പ് ഡെസ്ക് നമ്പറുകൾ, പ്രസന്റേഷൻ/വീഡിയോ അപ്‌ലോഡ് ചെയ്യേണ്ട വിലാസം (സി.ഡി. രൂപത്തിലാണെങ്കിൽ അവസാന തീയതിയ്ക്കു മുമ്പ് തപാലിൽ അയയ്ക്കേണ്ട വിലാസം) തുടങ്ങിയ കാര്യങ്ങൾ അടങ്ങിയ സർക്കുലർ തുടർന്ന് പുറപ്പെടുവിക്കുന്നതാണ്.

**കെ.അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ

അനുബന്ധം : അപേക്ഷാ ഫോറം